പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2741 09.05 .2017 ലെ മറുപടിയ്ക്ക്

**മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II**

ചോദ്യം

ശ്രീ. പുരുഷൻ കടലുണ്ടി

ഉത്തരം

ഡോ. കെ.റ്റി. ജലീൽ

ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മുൻസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II എന്ന തസ്തികയിലേയ്ക്ക് കാറ്റഗറി നമ്പർ 571/14, 137/15 പ്രകാരം പി.എസ്.സി. പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ യോഗ്യതകളിൽ കേരള സർക്കാരിന്റെ കീഴിൽ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസ് നടത്തുന്ന ഡി.എച്ച്.ഐ കോഴ്സ് (ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ) യോഗ്യതയായി ചേർക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | ഉണ്ട്.<br><br>നിലവിലെ സ്പെഷ്യൽ റൂളിൽ ഈ തസ്തികയിലെ നിയമനത്തിനായുള്ള യോഗ്യതയിൽ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസ് നടത്തുന്ന ഡി.എച്ച്.ഐ കോഴ്സ് ഉൾപ്പെട്ടിട്ടില്ല. ഇത്തരം കോഴ്സുകൾ യോഗ്യതയായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും മറ്റ് അനുബന്ധ കാര്യങ്ങളിലും പി.എസ്.സി. സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുകയാണ്. |
| (ബി) | കേവലം ഒരു വർഷ കോഴ്സുകളെ യോഗ്യതയായി പരിഗണിക്കുമ്പോൾ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് കഴിഞ്ഞവരെ ഈ തസ്തികയിലേയ്ക്ക് പരിഗണിക്കാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | | |
| (സി) | ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് കഴിഞ്ഞവരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകുന്നതിൽ എന്താണ് തടസ്സമെന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ